**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2288** **01-09-2022 - ൽ മറുപടിയ്ക്ക്**

**ശുചിത്വമിഷൻ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി എച്ച് കുഞ്ഞമ്പു** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ഈ സാമ്പത്തിക വർഷം ശുചിത്വ മിഷൻ നടപ്പിലാക്കിയ പദ്ധതികളും പ്രവർത്തനങ്ങളും വിശദമാക്കാമോ; | (എ) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | മാറിമാറി വരുന്ന ആവശ്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ശുചിത്വ മിഷൻ പുനഃസംഘടിപ്പിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കാമോ? | (ബി) | ഖര ദ്രവ മാലിന്യ സംസ്കരണ രംഗത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സാങ്കേതികമായി സഹായിക്കുന്നതിനും പദ്ധതി നടത്തിപ്പും മോണിറ്ററിങ്ങും കാര്യക്ഷമമാക്കുന്നതിനും ശുചിത്വ മിഷന് മനുഷ്യ വിഭവശേഷി ആവശ്യമാണ്. ഇതിനായി സാസ്ഥാന ജില്ലാ ശുചിത്വ മിഷനുകളിൽ കൂടുതൽ സാങ്കേതിക വിഭാഗം ജീവനക്കാരെയും സാമൂഹിക ഇടപെടലുകൾക്കായുള്ള മനുഷ്യ വിഭവശേഷിയും ഉൾപ്പെടുത്തി ശുചിത്വ മിഷന്റെ പ്രവർത്തന ശേഷി വർധിപ്പിക്കുന്നതിനും ശക്തമാക്കുന്നതിനുമുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

2022-23 സാമ്പത്തിക വർഷം നാളിതുവരെയുള്ള ശുചിത്വ മിഷനിലെ വിവിധ പദ്ധതികളുടെ ഭാഗമായി നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

## I. ഖരമാലിന്യ പരിപാലനം

### 1. എസ്.ബി.എം (അർബൻ) പദ്ധതി-നഗരസഭകളുടെ ഖരമാലിന്യ ആക്ഷൻ പ്ലാൻ തയ്യാറാക്കൽ

സ്വച്ഛ് ഭാരത് മിഷൻ അർബൻ പദ്ധതിയുടെ ഭാഗമായി വിവിധ ഖരമാലിന്യ സംസ്കരണ പദ്ധതികൾ നടപ്പാക്കുന്നതിലേക്ക് ആദ്യ ഘട്ടത്തിൽ 93 നഗരസഭകൾക്ക് വേണ്ടി 307.55 രൂപയുടെ ഖരമാലിന്യ സംസ്കരണ ആക്ഷൻ പ്ലാനുകൾ ശുചിത്വ മിഷൻ സാങ്കേതിക വിഭാഗം മുഖേന തയ്യാറാക്കുകയും, ടി ആക്ഷൻ പ്ലാനുകൾ അതത് നഗരസഭകളുടെ അംഗീകാരത്തോടെ സംസ്ഥാന തല സാങ്കേതിക സമിതി (SLTC) യിൽ സമർപ്പിച്ചുഅംഗീകാരം നേടുകയും ആയത് കേന്ദ്ര പാർപ്പിട-നഗരകാര്യ മന്ത്രാലയത്തിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുള്ളതുമാണ്. ഇതിന് പുറമേ 37 നഗരസഭകൾ 26.15 കോടി രൂപയുടെ ഗാർഹിക പൊതു ശൗചാലയ പദ്ധതികൾക്കായി SLTC അംഗീകാരം നേടിയിട്ടുണ്ട്. സ്വച്ഛ് ഭാരത് മിഷൻ അർബൻ പദ്ധതിയുടെ ഭാഗമായുള്ള വിവരവിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കായി 93 നഗരസഭകൾക്കും ശുചിത്വ മിഷനുമായി 106.38 കോടി രൂപയുടെയും 52 .84 കോടി രൂപക്കുള്ള ശേഷി വികസന പ്രവർത്തനത്തിനായുള്ള പ്രവർത്തന രൂപരേഖക്കും SLTC അംഗീകാരം നേടുന്നതിന് സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.

### 2 ഖരമാലിന്യ സംസ്കരണ മേഖലയിലെ സേവനദാതാക്കളുടെ അംഗീകാരം

#### a. ജൈവ മാലിന്യ സംസ്കരണം

തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ സർക്കാർ/ ശുചിത്വ മിഷൻ അംഗീകരിച്ചിട്ടുള്ള ജൈവ മാലിന്യ സംസ്കരണ ഉപാധികൾ വിതരണം ചെയ്ത് തുടർ സേവനം നൽകുന്നതിലേക്ക് ശുചിത്വ മിഷൻ അംഗീകാരം നൽകിയിട്ടുള്ള 64 ഏജൻസികളുടെ സേവനകാലാവധി 31.03.2022 ന് അവസാനിച്ചിട്ടുള്ള സാഹചര്യത്തിൽ ടി ഏജൻസികൾ തങ്ങളുടെ സേവന കാലയളവിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി, നിലവാരം എന്നിവ പരിശോധിച്ച് ശുചിത്വ മിഷൻ ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശക്ക് വിധേയമായി 52 ഏജൻസികൾക്ക് സേവനകാലാവധി പുതുക്കി നൽകിയിട്ടുള്ളതും, പുതുതായി 20 സേവനദാതാക്കൾക്ക് കൂടി അംഗീകാരം നൽകിയിട്ടുള്ളതുമാണ്.

സ്ഥല ലഭ്യതയുടെ കുറവ്, കാലാവസ്ഥ, കുറഞ്ഞ സാമ്പത്തിക ബാധ്യത, പരിസ്ഥിതി സൗഹൃദം തുടങ്ങിയ ഘടകങ്ങൾ പരിഗണിച്ച് വികേന്ദ്രീകൃത മാലിന്യ സംസ്കരണ രീതികളാണ് സംസ്ഥാനത്ത് നടപ്പാക്കി വരുന്നത്. ഇതിന്റെ ഭാഗമായി ഉറവിടമാലിന്യ സംസ്കരണ രീതികളുടെ പ്രോത്സാഹനാർത്ഥം 2020 മുതലുള്ള കാലയളവിൽ ഗാർഹിക തലത്തിൽ 14900 ബയോഗ്യാസ് പ്ലാൻറുകളും 551995 കമ്പോസ്റ്റിംഗ് ഉപാധികളും സ്ഥാപിച്ചു. 34 കമ്യൂണിറ്റി ബയോഗ്യാസ് പ്ലാൻറുകളും 212 കമ്യൂണിറ്റിതല കമ്പോസ്റ്റിംഗ് യൂണിറ്റുകളും, 2568 സ്ഥാപനതല കമ്യൂണിറ്റി കമ്പോസ്റ്റ് യൂണിറ്റുകളും സ്ഥാപിച്ചു.

സാമൂഹികതല മാലിന്യ സംസ്കരണത്തിലൂടെ മാലിന്യ സംസ്കരണം ഗ്രാമീണ ജനതയ്ക്കുള്ള ഇന്ധനോപാധി കൂടി ആക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് 5 കമ്മ്യൂണിറ്റിതല ബയോഗ്യാസ് പ്ലാൻറ് പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഇതിൽ 2 എണ്ണം നിലവിൽ

പൂർത്തിയായിട്ടുണ്ട്.

നടപ്പുസാമ്പത്തിക വർഷം ഗാർഹിക തലത്തിൽ 50 ബയോഗ്യാസ് പ്ലാൻറുകളും 100 എണ്ണം കമ്പോസ്റ്റിംഗ് പ്ലാൻറുകളും സ്ഥാപിച്ചു. 2 കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാൻറുകളും 10 കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ് യൂണിറ്റുകളും സ്ഥാപിച്ചു.

## b അജൈവ മാലിന്യ പരിപാലനം

കേരളത്തിലെ നഗര-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ശേഖരിക്കപ്പെടുന്ന പുനഃരുപയോഗ/പുനചംക്രമണ സാധ്യമല്ലാത്ത അജൈവ മാലിന്യം എം.സി.എഫുകൾ/ ആർ.ആർ.എഫുകളിൽ കെട്ടിക്കിടക്കാതെ കൈമാറ്റം/ സംസ്കരണം ചെയ്യുന്നതിലേക്ക് 2353/G/2021/എസ്.എം തീയതി 27.05.2022 പ്രകാരം പുതുതായി നാല് ഏജൻസികൾക്ക് 2 വർഷക്കാലത്തേക്ക് ശുചിത്വ മിഷൻ സേവനദാതാക്കളായി അംഗീകാരം നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശേഖരിക്കുന്ന പുനഃരുപയോഗ/ പുനചംക്രമണ സാധ്യമല്ലാത്ത അജൈവ പാഴ്വസ്തുക്കൾ തടസ്സം കൂടാതെ നീക്കം ചെയ്യുന്നതിനുള്ള സാഹചര്യം ഇത് വഴി സാധ്യമാവും.

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അജൈവ മാലിന്യങ്ങളിൽ നിന്ന് വിഭവ വീണ്ടെടുപ്പിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ 162 റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും, 1162 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു. നടപ്പുസാമ്പത്തിക വർഷം ഇതിൽ 42 എണ്ണം എം.സി.എഫുകളും, 9 റിസോഴ്സ് റിക്കവറി ഫെസിലിറ്റികളുമാണ് നിർമ്മാണം പൂർത്തിയായി പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്.
1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാതിൽപ്പടി പാഴ് വസ്തു ശേഖരണത്തിനായി ഹരിതകർമ്മ സേന രൂപീകരിച്ചു. ഇവരുടെ സേവനം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും മുഴവൻ വീടുകളിലേക്കും സ്ഥാപനങ്ങളിലേക്കും കൃത്യമായ ഇടവേളകളിൽ മുടക്കം കൂടാതെ എത്തിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിൽ 858 തദ്ദേശസ്ഥാപനങ്ങളിൽ ഹരിതകർമ്മസേന പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

നടപ്പ് സാമ്പത്തിക വർഷം 241 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റിസോഴ്സ് റിക്കവറി സെന്ററുകൾ, മെറ്റീരിയൽ കളക്ഷൻ സെന്ററുകൾ എന്നിവയിൽ നിന്നായി 1424.4 ടൺ അജൈവമാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി മുഖേന നീക്കം ചെയ്യുകയും ഇവയിൽ 499.15 ടൺ വിഭവ വീണ്ടെടുപ്പ് നടത്തി പുനഃചംക്രമണത്തിനായി അയയ്ക്കുകയും ചെയ്തിട്ടുണ്ട്.

## 3 ഖരമാലിന്യ സംസ്കരണ മേഖലയിലെ വിവിധ സാങ്കേതിക വിദ്യകളുടെ അംഗീകാരം

ഖരമാലിന്യ സംസ്കരണത്തിനായി വിവിധ ഏജൻസികൾ വികസിപ്പിച്ച നൂതന സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ മാലിന്യ സംസ്കരണ ഉപാധികൾ ശുചിത്വ മിഷൻ സാങ്കേതിക സമിതി പരിശോധിച്ച് ചുവടെ ചേർക്കും പ്രകാരമുള്ള പുതിയ 9 മാലിന്യ സംസ്കരണ ഉപാധികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

| SL.No | Name of Device | | |
|---|---|---|---|
| 1. | V composter | 6 | Gee Bin(3 bin system) |
| 2. | Smart Bio bin | 7. | Gee Bin(2 bin system) |
| 3. | Vermion Kitchen waste treatment unit | 8. | Bokashi Bucket |

| | | | |
|---|---|---|---|
| **4.** | Kitchen waste digester | 9. | Mosquito Free Portable Biogas Plant |
| **5.** | Organic Composting Bin | | |

കൂടാതെ തുടർന്ന് ലഭിച്ച 30 ഓളം അപേക്ഷകൾ ശുചിത്വ മിഷൻ സാങ്കേതികസമിതി പരിശോധിച്ച് അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

## 4 വാതക ശ്മശാനം സ്ഥാപിക്കുന്നതിനുള്ള സേവന ദാതാക്കളുടെ അംഗീകാരം

തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ ശുചിത്വ മിഷൻ/ സർക്കാർ അംഗീകൃത സ്പെസിഫിക്കേഷൻ പ്രകാരം എൽ.പി.ജി. ഇന്ധനമായി ഉപയോഗിക്കപ്പെടുന്ന ആധുനിക വാതക ശ്മശാനം സ്ഥാപിക്കലും പ്രവർത്തി പരിപാലനവും നടത്തുന്നതിന് ശുചിത്വ മിഷൻറെ അംഗീകൃത സേവനദാതാവായി അംഗീകാരം നേടിയിരുന്ന 3 ഏജൻസികളിൽ നിന്നും ടി ഏജൻസികൾ സേവന കാലയളവിൽ നടപ്പാക്കിയ പദ്ധതികളുടെ നിലവാരം, നിലവിലെ സ്ഥിതി എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ റെയ്ഡ്കോ കേരള ലിമിറ്റഡ് എന്ന ഏജൻസിക്ക് 2537/സി1/2021/എസ്.എം, തീയതി 20.07.2022 നടപടിക്രമം പ്രകാരം 31.03.2022 മുതൽ 31.03.2025 വരെ സേവനകാലാവധി ദീർഘിപ്പിച്ച് നൽകുകയും 2241/സി1/2019/എസ്.എം, തീയതി 04.01.2022 നടപടിക്രമ പ്രകാരം പുതുതായി അഞ്ച് ഏജൻസികൾക്കും അംഗീകാരം നൽകിയിട്ടുള്ളതുമാണ്.

## 5 ഗാർഹിക ബയോമെഡിക്കൽ / സാനിറ്ററി മാലിന്യ പരിപാലനം

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഗാർഹിക / സാനിറ്ററി മാലിന്യങ്ങൾ ശേഖരിച്ച് കൊച്ചി അമ്പലമേട്ടുള്ള KEIL ബയോമെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റ് മുഖേന സംസ്കരിക്കുന്നതിനു മാർഗ്ഗരേഖ സ.ഉ.(സാധാ) 1227/2022/തസ്വഭവ തീയതി 16.05.2022 പ്രകാരം ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങൾ മുഖേന ഇത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## 6 കോഴി അറവു മാലിന്യ പരിപാലനം – പന്നി ഫാമുകൾ മുഖേന സംസ്കരണം

റെൻഡറിങ് പ്ലാന്റുകൾ മുഖേന മാത്രം കോഴി/പൗൾട്രി അറവു മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നത് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ച സാഹചര്യത്തിൽ, സംസ്ഥാനത്തെ അംഗീകൃത പന്നി ഫാമുകൾ മുഖേന കോഴി/പൗൾട്രി അറവു മാലിന്യ സംസ്കരണം നടപ്പിലാക്കുന്നത് കൂടി പരിഗണിക്കണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആയതിനുള്ള കരട് ഈ മാർഗ്ഗരേഖ സ.ഉ(സാധാ)നം. 1392/2022/തസ്വഭവ തീയതി 04.06.2022 പ്രകാരം ഉത്തരവായിട്ടുണ്ട്.

## 7 ബഹു: ദേശിയ ഹരിത ട്രൈബ്യൂണൽ ഉത്തരവുകൾ നടപ്പിലാക്കൽ

ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട ബഹു: ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവുകൾ പ്രകാരം സർക്കാർ സമർപ്പിക്കേണ്ട ത്രൈമാസ പുരോഗതി റിപ്പോർട്ടുകൾ സമയബന്ധിതമായി വിവിധ വകുപ്പുകളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വിവര ശേഖരണം നടത്തി തയ്യാറാക്കി സമർപ്പിച്ചു വരുന്നു.

## 8 മാലിന്യ പരിപാലന ഉപനിയമാവലികൾ

2016-ലെ ഖര മാലിന്യ പരിപാലന ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പുറപ്പെടുവിക്കേണ്ട ഉപനിയമാവലി സ.ഉ (കൈ) നം.85/2022/ തസ്വഭവ തീയതി 19.04.2022 പ്രകാരം അംഗീകരിച്ചു ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം നാളിതുവരെ 19

നഗരസഭകളും 155 ഗ്രാമപഞ്ചായത്തുകളും ഉപനിയമാവലി തയ്യാറാക്കിയിട്ടുണ്ട്.

2016-ലെ പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പുറപ്പെടുവിക്കേണ്ട ഉപനിയമാവലിയുടെ കരട് സ. ഉ (സാധാ) നം. 18/ 2021/ തസ്വഭവ തീയതി 04.01.2021 പ്രകാരം അംഗീകരിച്ച ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം നാളിതുവരെ 63 നഗരസഭകളും 887 ഗ്രാമപഞ്ചായത്ത് കളും ഉപനിയമാവലി തയ്യാറാക്കിയിട്ടുണ്ട്.

**9 മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ കണ്ടെത്തി നിയമനടപടി സ്വീകരിക്കുന്നതിന് എൻഫോഴ്സ്മെന്റ് സ്ക്വാഡ് രൂപീകരണം**

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ കണ്ടെത്തി നിയമനടപടി സ്വീകരിക്കുന്നതിന് ജില്ലാ/സംസ്ഥാന തലങ്ങളിൽ ശുചിത്വ മിഷന്റെ നേതൃത്വത്തിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് രൂപീകരിക്കുന്നതിനുള്ള കരട് മാർഗ്ഗ നിർദ്ദേശങ്ങൾ തായ്യാറാക്കിയിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിൽ ആണ്.

**10 കൺസ്ട്രക്ഷൻ & ഡിമോളിഷൻ (C & D) വേസ്റ്റ് പരിപാലനം.**

Construction and Demolition waste management Rules 2016 നെ അടിസ്ഥാനപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ രൂപം കൊള്ളുന്ന Construction and Demolition waste ശാസ്ത്രീയമായി സംസ്കരിക്കുന്നതിലേക്കും സ്വച്ഛ് ഭാരത് മിഷൻ പദ്ധതികളുടെ ഭാഗമായി നഗരസഭകൾക്ക് സിറ്റി സ്റ്റാർ റേറ്റിംഗ് പദവി നേടുന്നതിലേക്കും ജില്ലാ അടിസ്ഥാനത്തിൽ കളക്ഷൻ പോയിന്റുകൾ സ്ഥാപിക്കുന്നതിലേക്ക് കരട് Construction and Demolition waste management ഗൈഡ് ലൈൻസ് തയ്യാറാക്കിയിട്ടുള്ളതും ആയത് സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്.

**11 ലെഗസി മാലിന്യ നിർമ്മാർജനം**

വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കാലാകാലങ്ങളായി കുടിക്കിടക്കുന്ന ലെഗസി മാലിന്യം നീക്കം ചെയ്യുന്ന പ്രവൃത്തി നടപ്പിലാക്കുന്നതുമായി ബന്ധപെട്ടുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച് തദ്ദേശ സ്ഥാപന തലത്തിൽ ആശങ്കകൾ ഉള്ളതിനാൽ, ആയത് പരിഹരിക്കുന്നതിനും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക പിന്തുണ നൽകുന്നതിനും ഒരു കരട് മാർഗ്ഗരേഖ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**12 ജലാശയങ്ങളിൽ ഒഴുകി നടക്കുന്ന ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള പൈലറ്റ് പദ്ധതി**

ജർമനി ആസ്ഥാനമായി പ്രവർത്തിക്കുന്ന 'പ്ലാസ്റ്റിക് ഫിഷർ' എന്ന ഏജൻസിയുമായി സഹകരിച്ച് തിരുവനന്തപുരം കോർപറേഷൻ പരിധിയിലെ മലിനീകരിക്കപ്പെട്ട പ്രധാന നദികൾ/തോടുകളിൽ എന്നിവിടങ്ങളിൽ പ്രത്യേകം രൂപകൽപന ചെയ്ത സംവിധാനങ്ങൾ (പ്ലാസ്റ്റിക് ബൂം ബാരിയർ) സ്ഥാപിച്ച് പ്ലാസ്റ്റിക് ഉൾപ്പടെയുള്ള ഖര മാലിന്യങ്ങൾ തടഞ്ഞു നിർത്തി ശേഖരിക്കുന്നതിനുള്ള പൈലറ്റ് പദ്ധതി നടപ്പിലാക്കി. ആയതിന്റെ ഭാഗമായി നിലവിൽ 4 ഇടങ്ങളിൽ ഇത്തരം സംവിധാനങ്ങൾ സ്ഥാപിക്കുകയും ഏകദേശം 16 ടണ്ണോളം മാലിന്യങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്.

**I <u>ദ്രവ മാലിന്യ പരിപാലനം</u>**

**<u>1</u> ആശുപത്രി അനുബന്ധ മലിനജല സംസ്കരണ പദ്ധതികളുടെ ആവശ്യകത തിരിച്ചറിഞ്ഞ് രണ്ട് ആശുപത്രികളിൽ സീവേജ് ട്രീറ്റ്മെൻറ് പ്ലാന്റുകൾ ആദ്യഘട്ടമെന്ന നിലയിൽ സ്ഥാപിച്ചു. കൂടാതെ മറ്റ് 3 സ്ഥലങ്ങളിൽ STP/ETP പദ്ധതികളുടെ പ്രവർത്തനം പുരോഗമിക്കുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ കമ്മ്യൂണിറ്റി തലത്തിൽ ഒരു ദ്രവ മാലിന്യ സംസ്കരണ പ്രോജക്ടിന് സാങ്കേതിക അനുമതി നൽകുകയും നിലവിൽ**

നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഖരമാലിന്യ സംസ്കരണ പദ്ധതികൾക്ക് സംസ്ഥാന വിഹിതമായി 13,66,676/- രൂപ അനുവദിക്കുകയും ചെയ്തു.

## 2 പ്രോജക്ട് മോണിറ്ററിംഗ് സോഫ്റ്റ് വെയർ

- ശുചിത്വ മിഷൻ സാങ്കേതിക അനുമതി നൽകിയ ദ്രവമാലിന്യ പ്രവൃത്തികൾ സംബന്ധിച്ച തൽസ്ഥിതി അറിയുന്നതിന് പ്രത്യേക സോഫ്റ്റ് വെയർ രൂപ കൽപ്പന ചെയ്തു.

- ആയത് പ്രകാരം തദ്ദേശ സ്ഥാപനത്തിലെ പ്രവൃത്തി നിർവ്വഹണ ഉദ്യോഗസ്ഥൻമാർക്ക് സോഫ്റ്റ് വെയറിൽ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## 3. UNICEF- WASH Rolling work Plan -സഹായത്തോടെ മലിനജല സംസ്കരണ പദ്ധതികൾക്കുള്ള സാങ്കേതിക/വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടപ്പാക്കൽ

ദ്രവ മാലിന്യ സംസ്കരണ പദ്ധതികൾ ഏറ്റെടുക്കുന്നതിനും നടപ്പാക്കുന്നതിനും മിക്ക തദ്ദേശ സ്ഥാപനങ്ങളും മുന്നോട്ട് വരാത്ത സാഹചര്യമാണ് നിലവിലുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുജനങ്ങളുടെയും ശാസ്ത്രീയ ദ്രവ മാലിന്യ സംസ്കരണത്തിനോടുള്ള കാഴ്ചപ്പാടുകൾ മെച്ചപ്പെടുത്തുന്നതിന് UNICEF ന്റെ WASH പ്രോഗ്രാമിന്റെ ഭാഗമായി ദ്രവ മാലിന്യ പരിപാലന സംവിധാനങ്ങളുടെ ആവശ്യകതയെപ്പറ്റിയും ആയതിന്റെ സാങ്കേതികതയെ പറ്റിയും, പ്രചരണ പരിപാടി നടത്തുന്നതിനും ആവശ്യമായ വിഭവശേഷി നൽകുന്നതിനും പ്രോപ്പോസൽ അംഗീകരിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ടെക്നിക്കൽ അസ്സിസ്റ്റന്റ് IEC എക്സ്പേർട്ട് എന്നിവരുടെ സേവനം WASH ഇൻസ്റ്റിറ്റ്യൂട്ട് അനുവദിക്കുകയുണ്ടായി. കൂടാതെ ദ്രവമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട വിവര-വിജ്ഞാന-വ്യാപന പ്രവർത്തനങ്ങൾക്കായി ശുചിത്വമിഷൻ തയ്യാറാക്കി നൽകിയ ആക്ഷൻ പ്ലാൻ പ്രകാരം 9,60,000/രൂപ യൂണിസെഫ് അനുവദിച്ചിട്ടുണ്ട്.
കൂടാതെ ആലപ്പുഴ, കാസറഗോഡ് എന്നീ ജില്ലകളിൽ Faecal Sludge and Sewage Management പ്ലാൻ തയ്യാറാക്കുവാനായി നടപടി സ്വീകരിച്ച് വരുന്നു.

## 4. ക്ലീൻ അക്യൂഫയർ ക്യാമ്പയിൻ

- മലിനജല സംസ്കരണം അനിവാര്യ ഘടകമാണെന്നും ആയതിന് അർഹിക്കുന്ന പരിഗണ നൽകാത്തതിന്റെ പരിണിത ഫലമാണ് മലിനമായ ജലസ്രോതസ്സുകൾ എന്ന് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിന് വിപുലമായ ക്ലീൻ അക്യൂഫയർ ക്യാമ്പയിൻ നടപ്പാക്കുന്നതിന് തുടക്കം കുറിച്ചു.

- **'തെളിനീരൊഴുകും നവകേരളം'** എന്ന് നാമകരണം ചെയ്ത ക്ലീൻ അക്യൂഫയർ ക്യാമ്പയിന്റെ ഭാഗമായി 892 തദ്ദേശ സ്ഥാപനങ്ങളിൽ പരിശോധന നടത്തി.

- ജല ഗുണ നിലവാര പരിശോധനയ്ക്കായി 80,000 പരിശോധനാ കിറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുകയും 60,230 സാമ്പിളുകൾ ഇതിനോടകം ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്.

- തോടുകൾ, കുളങ്ങൾ, പുഴകൾ, നീർച്ചാലുകൾ ഉൾപ്പെടെ 48,233 ജലസ്രോതസ്സുകളിൽ മലിനീകരണം കണ്ടെത്തിയിട്ടുണ്ട്.

- മലിനീകരണം കണ്ടെത്തിയ ജലസ്രോതസ്സുകളിൽ 8438 ജലസ്രോതസ്സുകളിൽ ഖര മാലിന്യ ശുചീകരണ യജ്ഞം സംഘടിപ്പിച്ചിട്ടുണ്ട്.

- ശുചീകരണ യജ്ഞത്തിന്റെ ഭാഗമായി നാളിതുവരെ 127.46 ടൺ ജൈവമാലിന്യവും 812.2 ടൺ അജൈവ മാലിന്യവും നീക്കം ചെയ്തിട്ടുണ്ട്.

- ജലസ്രോതസ്സുകളിലെ മലിനീകരണം സമ്പൂർണ്ണമായി ഒഴിവാക്കുന്നതിന് ഹരിത കർമ്മ സേന മുഖേനയുള്ള വാതിൽപ്പടി പാഴ് വസ്തു ശേഖരണം കാര്യക്ഷമമാക്കുന്നതിനും ജലസ്രോതസ്സുകളിലേക്ക് മലിനജലമുൾപ്പടെയുള്ള ദ്രവ മാലിന്യം എത്തിചേരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി അനുയോജ്യ ദ്രവ മാലിന്യ സംസ്കരണ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ രൂപീകരിച്ച് നടപ്പിലാക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.

- ടി ക്യാമ്പയിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജലനടത്തം സംഘടിപ്പിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജലസഭ ചേരുകയും ചെയ്തിട്ടുണ്ട്.

III ശുചിത്വ – മാലിന്യ സംസ്കരണ മേഖലയുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) രണ്ടാം ഘട്ട പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ദ്രവമാലിന്യ പരിപാലന സംവിധാനത്തിന് പ്രാമുഖ്യം കൊടുത്തു കൊണ്ട് 2022 മെയ് 16 മുതൽ 20 വരെ മുളങ്കുന്നത്ത്കാവ് കില ക്യാമ്പസിൽ വച്ച് പരിശീലന പരിപാടി സംഘടിപ്പിച്ചു.

IV സ്വച്ഛ് ഭാരത് മിഷൻ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടെ കക്കൂസ് മാലിന്യ പരിപാലനം ഉൾപ്പെടെയുള്ള ദ്രവ മാലിന്യ പരിപാലന സംവിധാനങ്ങൾ സംബന്ധിച്ച അവബോധം നൽകുന്നതിന് വേണ്ടി 2022 ജൂൺ 20 മുതൽ 21 വരെ തൈക്കാട് ഹെൽത്ത് ആന്റ് ഫാമലി വെൽഫയർ സെന്ററിൽ വെച്ച് ശുചിത്വ മിഷൻ ടെക്നിക്കൽ കൺസൾട്ടന്റമാർക്കും റിസോഴ്സ് പേഴ്സൺമാർക്കും പരിശീലനം നൽകി.

V ശുചിത്വ മിഷൻ ജില്ലാ തല റിസോഴ്സ് പേഴ്സൺമാരെ പങ്കെടുപ്പിച്ച് കൊണ്ട് 2022 മെയ് 29 ന് തൈക്കാട് ഹെൽത്ത് ആന്റ് ഫാമലി വെൽഫയർ സെന്ററിൽ വെച്ച് ഏകദിന പരിശീലന പരിപാടി സംഘടിപ്പിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ വിവിധ ക്യാമ്പയിനുകൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിൽ അവബോധം നൽകുന്നതിനും ഒറ്റതവണ പ്ലാസ്റ്റിക് നിരോധനത്തിന്റെ പശ്ചാത്തലത്തിൽ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടം 2016 സംബന്ധിച്ച് കൂടുതൽ അറിവ് പകരുന്നതിനും പ്രാമുഖ്യം നൽകിയ പരിപാടിയിൽ എല്ലാ ജില്ലകളിൽ നിന്നും 5 വീതം റിസോഴ്സ് പേഴ്സൺമാർ പങ്കെടുത്തു.

VI സ്വച്ഛ് ഭാരത് മിഷൻ (നഗരം) 2.0 മാർഗ്ഗരേഖ സംബന്ധിച്ച് നഗരസഭാ ഉദ്യോഗസ്ഥർക്ക് ഏപ്രിൽ ആദ്യവാരം തൈക്കാട് ഹെൽത്ത് ആന്റ് ഫാമലി വെൽഫയർ സെന്ററിൽ വെച്ച് പരിശീലനം നൽകി. 76 നഗരസഭകളിലെ 139 എൻജിനീയർമാർ ഈ പരിശീലനത്തിൽ പങ്കെടുത്തു. സിറ്റി സോളിഡ് വേസ്റ്റ് ആക്ഷൻ പ്ലാൻ (CSWAP), സിറ്റി സാനിറ്റേഷൻ പ്ലാൻ (CSAP) എന്നിവ തയ്യാറാക്കുന്നതിന് ഈ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുക എന്നതായിരുന്നു ഈ പരിശീലന പരിപാടിയുടെ ഉദ്ദേശം.

<u>IV ഹരിത മിത്രം – സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം</u>

o ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം വ്യവസ്ഥാപിത മാക്കുന്നതിന്റെ ഭാഗമായി ഒന്നാം ഘട്ട പദ്ധതി നടത്തിപ്പിനായി 373 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശുചിത്വ മിഷനും കെൽട്രോണുമായി തൃകക്ഷി കരാറിൽ ഒപ്പ് വെച്ചു.

<u>VI എന്റെ നഗരം – ശുചിത്വ നഗരം മേഖലാതല ഓറിയന്റേഷൻ പ്രോഗ്രാം</u>

മാലിന്യ പരിപാലനത്തിനുള്ള സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതിയുടെ ഫലപ്രദമായ നിർവ്വഹണം ഉറപ്പ് വരുത്തുന്നതിന് വേണ്ടി കോർപ്പറേഷൻ/ നഗരസഭകളെ പങ്കെടുപ്പിച്ച് കൊണ്ട് മേഖല തല ഓറിയന്റേഷൻ പരിപാടി സംഘടിപ്പിച്ചു. 1

VI. **<u>മറ്റ് പരിപാടികൾ</u>** സർക്കാരിന്റെ നൂറുദിന കർമ പരിപാടിയിൽ ഉൾപ്പെടുത്തി രണ്ടാം ഘട്ടത്തിൽ പൂർത്തീകരിച്ച 80 ടേക്ക് എ ബ്രേക്ക് ശുചിമുറി സമുച്ചയങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം പാപ്പനംകോട് കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ പണി പൂർത്തിയാക്കിയ ടേക്ക് എ ബ്രേക്ക് സമുച്ചയത്തിൽ 06-05-2022 ന് നിർവഹിച്ചു.

ബഹു. മുഖ്യമന്ത്രിയുടെ 12 ഇന പരിപാടിയിലുൾപ്പെടുത്തി നിർമ്മിക്കുന്ന ടേക്ക് എ ബ്രേക്ക് – വഴിയോര വിശ്രമ കേന്ദ്രങ്ങൾ പതിനാല് ജില്ലകളിലായി 2365 എണ്ണം നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതുവരെ ആകെ 646 ടേക്ക് എ ബ്രേക്ക് ശുചിമുറികളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. നടപ്പുവർഷം ഇതിൽ 158 എണ്ണമാണ് പൂർത്തിയായിട്ടുള്ളത്. കൂടാതെ 86 എണ്ണത്തിനുള്ള സാങ്കേതിക അനുമതി ഈ സാമ്പത്തിക വർഷം നൽകിയിട്ടുണ്ട്.